മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298

2020 ജൂലൈ 17

# വാർത്താക്കുറിപ്പ്

## എം.ജി. ബി.എഡ്. പരീക്ഷ ജൂലൈ 22 മുതൽ; താമസിക്കുന്ന ജില്ലയിൽ പരീക്ഷയെഴുതാം

മഹാത്മാഗാന്ധി സർവകലാശാല നാലാം സെമസ്റ്റർ ബി.എഡ്. പരീക്ഷ ജൂലൈ 22, 24, 27 തീയതികളിൽ നടക്കും. പരീക്ഷ കേന്ദ്രം മാറ്റത്തിന് അപേക്ഷിച്ച വിദ്യാർഥികൾക്ക് താമസിക്കുന്ന ജില്ലയിൽ പരീക്ഷ എഴുതാം. പരീക്ഷ കേന്ദ്രം മാറ്റത്തിന് അപേക്ഷിച്ചവർ അതത് ജില്ലയിൽ അനുവദിച്ച കേന്ദ്രങ്ങളിൽ പരീക്ഷയെഴുതണം. കോവിഡ് 19 വ്യാപനം മൂലം തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ പരീക്ഷ നടത്താൻ സാധിക്കില്ല. തിരുവന്തപുരം, കൊല്ലം ജില്ലകൾ തെരഞ്ഞെടുത്ത വിദ്യാർഥികൾക്ക് മാതൃസ്ഥാപനത്തിൽ പരീക്ഷയ്ക്ക് ഹാജരാകാം. ഈ ജില്ലകളിൽ പരീക്ഷയെഴുതാൻ സാധിക്കാത്തവർക്ക് മറ്റൊരു പരീക്ഷയ്ക്ക് അവസരം നൽകും. ജില്ല, പരീക്ഷ കേന്ദ്രങ്ങൾ എന്ന ക്രമത്തിൽ ചുവടെ.

**ആലപ്പുഴ:** ഫാ. പോരുകര മെമ്മോറിയൽ ട്രെയിനിങ് കോളജ് ചമ്പക്കുളം, **പത്തനംതിട്ട:** സെന്റ് മേരീസ് ട്രെയിനിങ് കോളജ് തിരുവല്ല, **കോട്ടയം:** മൗണ്ട് കാർമൽ ട്രെയിനിങ് കോളജ് കോട്ടയം, **ഇടുക്കി (രണ്ടു കേന്ദ്രങ്ങൾ):** 1, എസ്.എൻ.ഡി.പി. യോഗം ടീച്ചർ ട്രെയിനിങ് കോളജ് അടിമാലി- 180011003407, 180011003654, 180011003675, 180011002945, 180011001559, 180011004061, 180011004069, 180011004096, 180011004465, 180011004501, 180011002449 എന്നീ രജിസ്റ്റർ നമ്പരുകാർ, 2. ജെ.പി.എം. ബി.എഡ്. കോളജ് ലബ്ബക്കട - 180011001956, 180011003655, 180011002808, 180011003002, 180011003019, 180011003027, 180011004457, 180011002409, 180011002422, 180011002426, 180011002428, 180011002429 എന്നീ രജിസ്റ്റർ നമ്പരുകാർ, **എറണാകുളം:** സഹോദരൻ അയ്യപ്പൻ മെമ്മോറിയൽ ബി.എഡ്. കോളജ് പൂത്തോട്ട, **തൃശ്ശൂർ:** ഗവൺമെന്റ് ബി.എഡ്. കോളജ്, തൃശ്ശൂർ, **പാലക്കാട്:** ഗവൺമെന്റ് വിക്ടോറിയ കോളജ്, പാലക്കാട്, **മലപ്പുറം:** ഗവൺമെന്റ് കോളജ് മലപ്പുറം, **കോഴിക്കോട്:** മലബാർ ക്രിസ്ത്യൻ കോളജ്, **വയനാട്:** ഗവൺമെന്റ് കോളജ് കൽപ്പറ്റ, **കണ്ണൂർ:** വി.കെ. കൃഷ്ണമേനോൻ മെമ്മോറിയൽ ഗവൺമെന്റ് വിമൺസ് കോളജ്, **കാസർഗോഡ്:** ഗവൺമെന്റ് കോളജ് കാസർഗോഡ്, **ലക്ഷദ്വീപ്:** കവരത്തി ഗവൺമെന്റ് ഗേൾസ് എച്ച്.എസ്.എസ്.

പ്രത്യേക പരീക്ഷ കേന്ദ്രങ്ങളിൽ പരീക്ഷയെഴുതുന്നവർ മാതൃസ്ഥാപനത്തിൽനിന്ന് ഇ-മെയിൽ മുഖേന ഹാൾടിക്കറ്റുകൾ കൈപ്പറ്റി, ഫോട്ടോപതിച്ച തിരിച്ചറിയൽ രേഖ സഹിതം പരീക്ഷയ്ക്ക് ഹാജരാകണം. പരീക്ഷ കേന്ദ്രം മാറ്റത്തിന് അപേക്ഷിച്ചവർക്ക് മാതൃസ്ഥാപനത്തിലും പരീക്ഷയെഴുതാം. വിവിധ മേഖലകളിൽ കണ്ടെയിന്റ്മെന്റ് സോണുകൾ പ്രഖ്യാപിച്ച സാഹചര്യത്തിൽ ആലുവ സെന്റ് സേവ്യേഴ്സ് ട്രെയിനിങ് കോളജിലെ വിദ്യാർഥികൾ അങ്കമാലി ഓക്സീലിയം ട്രെയിനിങ് കോളജിലും എറണാകുളം സെന്റ് ജോസഫ്സ് ട്രെയിനിങ് കോളജിലെ വിദ്യാർഥികൾ പൂത്തോട്ട സഹോദരൻ അയ്യപ്പൻ മെമ്മോറിയൽ ബി.എഡ്. കോളജിലും തിരുവല്ല ടൈറ്റസ് സെക്കൻഡ് ട്രെയിനിങ് കോളജിലെ വിദ്യാർഥികൾ തിരുവല്ല സെന്റ് മേരീസ് ട്രെയിനിങ് കോളജിലും പരീക്ഷയെഴുതണം. ഹാൾടിക്കറ്റ് സംബന്ധിച്ച ക്രമീകരണങ്ങൾക്ക് മാതൃസ്ഥാപനത്തിലെ പ്രിൻസിപ്പൽമാരുമായി ബന്ധപ്പെടുക.

(പി.ആർ.ഒ/39/740/2020)

## പരീക്ഷ കേന്ദ്രം മാറ്റം

തിരുവല്ല മാക്ഫാസ്റ്റ് കോളജിൽ നടന്നുവന്ന നാലാം സെമസ്റ്റർ പി.ജി. പരീക്ഷ എഴുതുന്ന വിദ്യാർഥികൾ ജൂലൈ 22,24,27 തീയതികളിൽ നടക്കുന്ന പരീക്ഷകൾ തിരുവല്ല മാർത്തോമാ കോളജിൽ എഴുതണം. കോവിഡ് 19 വ്യാപനത്തെത്തുടർന്ന് കണ്ടെൻമെന്റ് സോണായി പ്രഖ്യാപിക്കപ്പെട്ടതിനാലാണ് മാക്ഫാസ്റ്റ് കോളജിൽനിന്ന് പരീക്ഷ കേന്ദ്രം മാർത്തോമാ കോളജിലേക്ക് മാറ്റിയത്.

(പി.ആർ.ഒ/39/741/2020)

## പരീക്ഷ ഫലം

2019 ജൂലൈയിൽ നടന്ന മൂന്ന്, നാല് സെമസ്റ്റർ എം.എ. ഇസ്ലാമിക് ഹിസ്റ്ററി(പ്രൈവറ്റ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 30 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/742/2020)

2019 ജൂണിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എ. ഇക്കണോമികസ്(സി.എസ്.എസ്-റഗുലർ, ബെറ്റർമെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 29 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/743/2020)

## ഉത്തരക്കടലാസ് സൂക്ഷ്മപരിശോധന: വിദ്യാർഥികൾ ഹാജരാകണം

2018 ഡിസംബറിൽ നടന്ന ഒന്നാം സെമസ്റ്റർ എം.കോം(റഗുലർ) പരീക്ഷയുടെ ഉത്തരക്കടലാസ് സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ചവർ ജൂലൈ 23, 24 ദിവസങ്ങളിൽ സർവകലാശാല അസംബ്ലി ഹാളിൽ ഹാൾടിക്കറ്റ്, ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് എന്നിവ സഹിതം എത്തണം.

(പി.ആർ.ഒ/39/744/2020)

## എം.ഫിൽ കെമിസ്ട്രി സീറ്റൊഴിവ്

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് കെമിക്കൽ സയൻസസിൽ എം.ഫിൽ കെമിസ്ട്രിക്ക് പട്ടികജാതി വിഭാഗത്തിൽ രണ്ടു സീറ്റൊഴിവുണ്ട്. യോഗ്യരായവർ 0481 2731036 എന്ന ഫോൺ നമ്പരിലോ office.scs@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ ജൂലൈ 21ന് ഉച്ചകഴിഞ്ഞ് രണ്ടിനകം ബന്ധപ്പെടണം.

(പി.ആർ.ഒ/39/745/2020)

## എം.ഫിൽ എജ്യുക്കേഷൻ സീറ്റൊഴിവ്

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് പെഡഗോജിക്കൽ സയൻസസിലെ എം.ഫിൽ എജ്യുക്കേഷൻ പ്രോഗ്രാമിൽ ജനറൽ വിഭാഗത്തിൽ രണ്ടു സീറ്റൊഴിവുണ്ട്. 55 ശതമാനം മാർക്കോടെ എം.എഡ്. വിജയിച്ചവർ ജൂലൈ 22ന് രാവിലെ 11ന് യോഗ്യത സർട്ടിഫിക്കറ്റുകൾ, ടി.സി., കോഴ്സ്-കോണ്ടക്ട് സർട്ടിഫിക്കറ്റുകൾ എന്നിവ സഹിതം പഠനവകുപ്പ് ഓഫീസിൽ ഹാജരാകണം. രജിസ്ട്രേഷൻ ഫീസ് 800 രൂപ. അഡ്മിഷൻ ലഭിച്ചാൽ ഫീസ് അടയ്ക്കണം. വിശദവിവരത്തിന് ഫോൺ: 0481 2731042.

(പി.ആർ.ഒ/39/746/2020)

## എം.ജി. ബയോമെഡിക്കൽ ഗവേഷണ കേന്ദ്രത്തിൽ പരിശോധിച്ചത് 22,000 കോവിഡ് സാമ്പിളുകൾ

- സാമ്പിൾ ലഭിച്ച് 24 മണിക്കൂറിനുള്ളിൽ ഫലം

മഹാത്മാഗാന്ധി സർവകലാശാലയുടെ തലപ്പാടി അന്തർസർവകലാശാല സെന്റർ ഫോർ ബയോമെഡിക്കൽ റിസർച്ച് ആൻഡ് സൂപ്പർ സ്പെഷാലിറ്റി ഹോസ്പിറ്റലിലെ വൈറസ് ഗവേഷണ കേന്ദ്രത്തിൽ ഇതുവരെ പരിശോധിച്ചത് 22,000ൽ അധികം കോവിഡ് 19 ശ്രവസാമ്പിളുകൾ. പരിശോധന

ലാബ് എല്ലാ ദിവസവും 24 മണിക്കൂറും പ്രവർത്തിക്കുന്നു. ഇടുക്കി, കോട്ടയം ജില്ലകളിലെ ആശുപത്രികളിൽനിന്നുള്ള ശ്രവസാമ്പിളുകളാണ് കേന്ദ്രത്തിൽ പരിശോധിക്കുന്നത്. സാമ്പിളുകൾ ലഭിച്ച് 24 മണിക്കൂറിനുള്ളിൽ പരിശോധന ഫലം സംസ്ഥാന സർക്കാരിനെയും അതത് ജില്ല സർവെയ്‌ലൻസ് ഓഫീസർമാരെയും അറിയിക്കുന്നുണ്ടെന്നും പരിശോധന ഫലങ്ങൾ അവശേഷിക്കുന്നില്ലെന്നും ഡയറക്ടർ അറിയിച്ചു.

(പി.ആർ.ഒ/39/747/2020)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ